# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/258/2017 2017 ഡിസംബർ 7

## പത്രക്കുറിപ്പ്

### എം.ജി. വിദ്യാർത്ഥി അദാലത്ത് വിദ്യാഭ്യാസമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ വിവിധ പരാതികളും അപേക്ഷകളും ഉടൻ തീർപ്പാക്കുന്നതിനുള്ള വിദ്യാർത്ഥി അദാലത്ത് ഇന്ന് (ഡിസംബർ 8) രാവിലെ 10ന് സർവ്വകലാശാലാ അസംബ്ലിഹാളിൽ നടത്തുന്ന ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റ് അംഗങ്ങൾ, സർവ്വകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. വിവിധ വിഷയങ്ങളിലായി ലഭിച്ച 1500ഓളം അപേക്ഷകളിൽ പൊതുപരാതികളിൽ സർവ്വകലാശാല ഇതിനോടകം നടപടികൾ എടുത്തിട്ടുണ്ട്. ഇന്ന് നടത്തുന്ന അദാലത്തിൽ പങ്കെടുക്കേണ്ടവർക്ക് സർവ്വകലാശാല അറിയിപ്പ് നൽകിയിട്ടുണ്ട്. രാവിലെ 9 മണി മുതൽ അദാലത്തിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

### സ്പെക്ട്രോസ്കോപ്പി അന്തർദ്ദേശീയ ശിൽപ്പശാല വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോ മോളിക്യുലാർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സ്പെക്ട്രോസ്കോപ്പി ത്രിദിന ശിൽപ്പശാല ഇന്ന് (ഡിസംബർ 8) രാവിലെ 9 മണിക്ക് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കും. പ്രോ-വൈസ് ചാൻസലറും കോൺഫറൻസ് ചെയർമാനുമായ പ്രൊഫ. സാബു തോമസ് ആമുഖ പ്രഭാഷണം നടത്തും. 100ലധികം ലോകപ്രശസ്ത സ്പെക്ട്രോസ്കോപ്പി വിദഗ്ദ്ധരും ശാസ്ത്രജ്ഞരും ഗവേഷകരും പങ്കെടുക്കുന്ന കോൺഫറൻസിൽ പ്ലീനറി പ്രഭാഷണങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ, പോസ്റ്റർ പ്രദർശനങ്ങൾ, ഹൃസ്വ പ്രഭാഷണങ്ങൾ എന്നിവ ഉണ്ടാകും. വിവരങ്ങൾക്ക് ഫോൺ: 9447149547.

### പരീക്ഷ മാറ്റി

ഡിസംബർ 11 ന് ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും സി.പി.എ.എസിന് കീഴിലുള്ള സ്ഥാപനങ്ങളിലേയും ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി ദ്വിവർഷ കോഴ്സ്) ഡിഗ്രി പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

### വൈവാവോസി

2017 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ ബിസിനസ് സ്റ്റഡീസ് പരീക്ഷയുടെ വൈവാവോസി ഡിസംബർ 18ന് ആരംഭിക്കും. വിശദമായ സമയക്രമം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. പൂർത്തിയായ പ്രോജക്ടിന്റെ പകർപ്പ് ഡിസംബർ 11ന് മുമ്പായി സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ സമർപ്പിക്കേണ്ടതാണ്.

2017 ഒക്ടോബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ മൂന്ന് അഞ്ച് സെമസ്റ്റർ ബി.എ. കഥകളി ചെണ്ട, കഥകളി മദ്ദളം (സി.ബി.സി.എസ്.എസ്. – റഗുലർ/സപ്ലിമെന്ററി)

പരീക്ഷകളുടെ പ്രാക്ടിക്കൽ ഡിസംബർ 18 മുതൽ 21 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>മൂന്നാം സെമസ്റ്റർ പി.ജി. പരീക്ഷകൾ</u>**

ഡിസംബർ 1ന് പ്രസിദ്ധപ്പെടുത്തിയ മൂന്നാം സെമസ്റ്റർ പി.ജി. പരീക്ഷകളുടെ ടൈംടേബിൾ (2012, 2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) വിദ്യാർത്ഥികൾക്കും ബാധകമായിരിക്കും.

**<u>പരീക്ഷാഫലം</u>**

2017 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. അനലിറ്റിക്കൽ കെമിസ്ട്രി (നോൺ സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 21 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എജ്യൂക്കേഷൻ (ഇന്റലക്ചൽ ഡിസെബിലിറ്റി), 2016 സെപ്തംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എജ്യൂക്കേഷൻ (ഇന്റലക്ചൽ ഡിസെബിലിറ്റി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന എം.കോം ഓഫ് കാമ്പസ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി (നോൺ സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ അപേക്ഷിക്കാം.

2017 ജൂലൈ മാസത്തിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**<u>മൂന്നാം സെമസ്റ്റർ പി.ജി. ഓൺലൈൻ ചോദ്യപേപ്പർ</u>**

ഡിസംബർ 13ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ പി.ജി. (സി.എസ്.എസ്.) പരീക്ഷകളുടെ മുന്നൊരുക്കമായി ഡിസംബർ 11ന് ഉച്ചയ്ക്ക് ഒരു മണിക്ക് മാതൃകാ ഓൺലൈൻ ചോദ്യപേപ്പർ ഡൗൺലോഡിംഗ് നടത്തുന്നതാണ്. കോളേജ് പ്രിൻസിപ്പൽമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്ത് പരീക്ഷാനടത്തിപ്പ് കുറ്റമറ്റതാണെന്ന് ഉറപ്പാക്കേണ്ടതാണ്. ഹെൽപ്പ്ലൈൻ നമ്പരുകൾ: 0481 – 2733470, 2733467, 2731011, 2733471

**<u>എം.ജി.യിൽ പ്രഭാഷണം ഇന്ന്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ രാജ്യാന്തര പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ കേരള സർവ്വകലാശാലാ പൊളിറ്റിക്കൽ സയൻസ് വിഭാഗം എന്നിവയുടെ സഹകരണത്തോടെ, അഗംബന്റെ തത്വശാസ്ത്രങ്ങളിലെ സമകാലീന പ്രസക്തിയെക്കുറിച്ച് ഇന്ന് ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് രാജ്യാന്തര പഠനവകുപ്പ് സെമിനാർ ഹാളിൽ കൊൽക്കത്ത സെന്റർ ഫോർ സ്റ്റഡീസ് ഇൻ സോഷ്യൽ സയൻസ് പ്രൊഫ. മാനസ് റേ പ്രഭാഷണം നടത്തും.

## സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ

**<u>എം.ജി.യിൽ 390 കോടി രൂപയുടെ വികസന പദ്ധതികൾക്ക് സിൻഡിക്കേറ്റ് അംഗീകാരം</u>**

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായത്തോടെ 390 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം അംഗീകാരം നൽകി. സർവ്വകലാശാലയുടെ അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾ ആഗോളനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള സർവ്വകലാശാലയുടെ 'വിഷൻ 2030'ന്റെ ഭാഗമായാണ് ഈ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്. ഇന്റർനാഷണൽ ലബോറട്ടറി കോംപ്ലക്സ് (40 കോടി), സയൻസ് ഡിപ്പാർട്ട്മെന്റുകൾക്ക് ആധുനിക ലബോറട്ടറി ഉപകരണങ്ങൾ (120 കോടി), മാനവിക വിഷയങ്ങൾക്കായുള്ള പഠനവകുപ്പുകളുടെ വികസനം (40 കോടി), ഇന്റർനാഷണൽ അക്കാദമിക് കൺവെൻഷൻ സെന്റർ (40 കോടി), സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (150 കോടി) എന്നിവയാണ് സിൻഡിക്കേറ്റ് അംഗീകാരം നൽകിയ

പദ്ധതികൾ. ഇതിന് പുറമെ കഴിഞ്ഞ സിൻഡിക്കേറ്റ് യോഗം അംഗീകാരം നൽകിയ 50 കോടി രൂപ ചെലവ് വരുന്ന ഓർഗാനിക് സർട്ടിഫിക്കേഷൻ കേന്ദ്രവും കാർഷിക മ്യൂസിയവും സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതിയും സർക്കാരിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

40 കോടി രൂപയുടെ ഇന്റർനാഷണൽ ലബോറട്ടറി കെട്ടിട സമുച്ചയത്തിൽ വിവിധ സയൻസ് പഠന വകുപ്പുകളുടെ ഏകോപിത ഗവേഷണ പ്രവർത്തനങ്ങൾക്കായി തികച്ചും പരിസ്ഥിതി സൗഹൃദവും സ്വയം പര്യാപ്തവുമായ ഒരു ആധുനിക ബഹുനില ലബോറട്ടറി സമുച്ചയമാണ് വിഭാവനം ചെയ്യുന്നത്. സൗരോർജ്ജവും പ്രകൃതിദത്ത പ്രകാശവും പരമാവധി ഉപയോഗപ്പെടുത്തുന്നതിനും ജലം, മാലിന്യങ്ങൾ എന്നിവ സംസ്കരിച്ച് പുനരുപയോഗിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഉൾക്കൊള്ളുന്നതാകും ഈ ലബോറട്ടറി സമുച്ചയം.

സയൻസ് പഠനവകുപ്പുകളായ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ്, സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് ടെക്നോളജി എന്നിവയ്ക്ക് ആധുനിക ഉപകരണങ്ങളും ലാബ് സൗകര്യങ്ങളും ഒരുക്കുന്നതിനായി 20 കോടി വീതം 120 കോടി രൂപയുടെ വിശദമായ പദ്ധതിയാണ് സിൻഡിക്കേറ്റ് അംഗീകരിച്ചത്.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് എന്നീ മാനവിക വിഷയങ്ങൾക്കായുള്ള പഠനവകുപ്പുകൾക്ക് 40 കോടിയുടെ വികസന പദ്ധതികളും നടപ്പാക്കും.

സർവ്വകലാശാലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അന്തർദ്ദേശീയ കോൺഫറൻസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ തുടങ്ങിയവയ്ക്കായി ലോകനിലവാരമുള്ള അക്കാദമിക സൗകര്യങ്ങളോടു കൂടിയ 40 കോടിയുടെ ഇന്റർനാഷണൽ അക്കാദമിക് കൺവെൻഷൻ സെന്ററിനും അംഗീകാരം ലഭിച്ചു. വിവിധ ശാസ്ത്രശാഖകളുടെ അന്തർ വൈജ്ഞാനിക പഠനഗവേഷണ കേന്ദ്രമായി സ്ഥാപിക്കുന്ന പുതിയ പഠനവകുപ്പായ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിക്ക് 150 കോടി രൂപയുടെ പദ്ധതിയും സിൻഡിക്കേറ്റ് അംഗീകരിച്ചു.

കിഫ്ബിയുടെ ധനസഹായത്തോടെ 2018ൽത്തന്നെ ഈ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനാണ് സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനമെടുത്തിരിക്കുന്നത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**